**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **05-12-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില കഴിഞ്ഞ മാസങ്ങളിലെ വിലയെക്കാൾ ഇരട്ടിയിലധികം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി |

വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേക്ക് (06.11.2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങൾ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരിവണ്ടി'യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ച്ചകൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

പൊതുവിപണിയിൽ അരി വില ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർനടപടിയായി സപ്ലൈക്കോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപറേഷനും ചർച്ചകൾ നടത്തി വരുന്നുണ്ട്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും, ദൗർലഭ്യവും പിടിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ മറ്റുസംസ്ഥാനങ്ങളിലെ സർക്കാരുമായും കർഷകരുമായും വിതരണക്കാരുമായും സപ്ലൈകോ ആശയവിനിമയം നടത്തിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ മറ്റ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേക്ക് (06.11.2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് |

അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങൾ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരിവണ്ടി'യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

പൊതുവിപണിയിൽ അരി വില ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർനടപടിയായി സപ്ലൈക്കോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപറേഷനും ചർച്ചകൾ നടത്തി വരുന്നുണ്ട്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും, ദൗർലഭ്യവും പിടിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ മറ്റുസംസ്ഥാനങ്ങളിലെ സർക്കാരുമായും കർഷകരുമായും വിതരണക്കാരുമായും സപ്ലൈകോ ആശയവിനിമയം നടത്തിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| | | | കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) | നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്ക്കരിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായാണ് റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് 'കെ-സ്റ്റോർ' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തിരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോയുടെ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തിരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി 14 ജില്ലകളിൽ നിന്നുമായി 73 റേഷൻകടകളുടെ ലിസ്റ്റാണ് ലഭ്യമായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ